## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2744** — 12-03-2018 -ൽ മറുപടിക്ക്

### ദുരന്ത നിവാരണ അതോറിറ്റി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. പാറക്കൽ അബ്ദുല്ല** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്ത് ദുരന്ത നിവാരണ അതോറിറ്റി അഴിച്ചു പണിയാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ മറ്റ് സംസ്ഥാനങ്ങളിലുള്ളതുപോലെ അതതു മേഖലകളിലെ വിദഗ്ധരെ ഉൾപ്പെടുത്തിയാകുമോ ഈ മാറ്റം വരുത്തുന്നതെന്ന് വ്യക്തമാക്കാമോ ; | എ) | ഉണ്ട്. ഭാവിയിൽ ദുരന്തങ്ങൾ ഉണ്ടായാൽ നേരിടുന്നതിനുള്ള മാർഗ്ഗങ്ങൾ വിശദമായി പഠിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു സമിതിയെ നിയോഗിക്കുന്നതിനും സംസ്ഥാന ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി പുന:സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും 06/12/2017 -ലെ സ.ഉ(കൈ) നം.1/2017/ഡി.എം.ഡി പ്രകാരം ഉത്തരവായിട്ടുണ്ട്. |
| ബി) | നിലവിൽ അടിയന്തര സാഹചര്യങ്ങളിൽ യഥാവിധി പ്രവർത്തിക്കാൻ അതോറിറ്റിക്ക് കഴിയാതെ വന്ന സാഹചര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | ബി) | സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അടിയന്തിര സാഹചര്യങ്ങളിൽ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമപ്രകാരം എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| സി) | നിലവിൽ അതോറിറ്റിയുടെ ഘടന എന്താണെന്ന് വ്യക്തമാക്കാമോ; | സി) | 2005 ലെ ദുരന്ത നിവാരണ നിയമം സെക്ഷൻ 14 പ്രകാരം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ചെയർമാൻ ബഹു: മുഖ്യ മന്ത്രിയും, വൈസ് ചെയർമാൻ റവന്യൂ മന്ത്രിയും, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ചീഫ് സെക്രട്ടറിയുമാണ്. കൃഷി വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറി ആഭ്യന്തര വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ &.ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പ്, ഹെഡ് (സയന്റിസ്റ്റ്) സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻ സെന്റർ എന്നിവരാണ് നിലവിലെ അംഗങ്ങൾ. ചീഫ് സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറി ആഭ്യന്തര വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ & ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറി ആരോഗ്യ വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി ധനകാര്യ വകുപ്പ് എന്നിവർ അംഗങ്ങളായ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിക്കാണ് ദുരന്ത നിവാരണ നിയമം അനുശാസിക്കുന്ന പ്രകാരമുള്ള ദൈനംദിന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ചുമതല. |

| | | | |
|---|---|---|---|
| ഡി) | ഭാവിയിൽ ഏതു തരത്തിൽ അതോറിറ്റിയെ പുനസംഘടിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ? | ഡി) | ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ ഉണ്ടായാൽ നേരിടുന്നതിനുള്ള മാർഗങ്ങൾ വിശദമായി പഠിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുവാൻ ശ്രീ. രമൺ ശ്രീവാസ്തവ ഐ.പി.എസ് (Rtd), Advisor to Chief Minister അധ്യക്ഷനായ ഒരു സമിതിയെ നിയോഗിച്ചിരുന്നു. ഈ സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ റിപ്പോർട്ട് സർക്കാർ തലത്തിൽ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ